വിദ്യുച്ഛക്തി വകുപ്പിന്റെ പ്രവർത്തനങ്ങൾ

49 [1999] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

വിദ്യുച്ഛക്തി ബോർഡിന്റെ ഭരണ ചെലവ് കുറയ്ക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

അവശ്യം വേണ്ടതൊഴികെയുള്ള പുതിയ തസ്തികകൾ സൃഷ്ടിക്കാതിരിക്കുക, വാഹനങ്ങളുടേയും ടെലിഫോണിന്റെയും ഉപയോഗം, ഉദ്യോഗസ്ഥൻമാരുടെ വിമാനയാത്ര എന്നിവയിലെ നിയന്ത്രണം എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി ബോർഡിന്റെ ലാഭം

50 [2001] ശ്രീ. എം. നാരായണൻ (കുഴൽമന്ദം):
,, കെ. പി. മമ്മു മാസ്റ്റർ:
ശ്രീമതി എൻ. കെ. രാധ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ് വർദ്ധനവുമൂലം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ തവണയും വൈദ്യുതി ബോർഡിനുണ്ടായിട്ടുള്ള അധിക വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ബോർഡിന്റെ ആഡിറ്റ് ചെയ്ത കണക്ക് അനുസരിച്ച് അവസാന വർഷത്തെ ലാഭം എത്രയാണ്; ഇത് കേന്ദ്രം നിശ്ചയിച്ചതിനേക്കാൾ കൂടുതലാണോ; എങ്കിൽ എത്ര ശതമാനം കൂടുതലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വൈദ്യുതി ചാർജ് വർദ്ധിച്ചതുമൂലമുണ്ടായ അധിക വരുമാനത്തെപ്പറ്റി പ്രത്യേകം കണക്കുകൾ സൂക്ഷിക്കുന്നില്ല. എന്നാൽ 1991-92 മുതൽ 1994-95 വരെ വൈദ്യുതി വിറ്റുവരവുമൂലം ഓരോ വർഷവും അതിനു തൊട്ടു മുമ്പത്തെ വർഷത്തെ വരുമാനത്തേക്കാൾ അധികമായി കിട്ടിയ വരുമാനത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	അധിക വരുമാനം (രൂപ കോടി)
1991-92	50·59
1992-93	102·57
1993-94	92·12
1994-95 (താത്കാലിക കണക്കുകൾ പ്രകാരം)	102·27

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈദ്യുതി ബോർഡിന്റെ 1993-94 വർഷത്തെ കണക്കുകളാണ് ആഡിറ്റ് ചെയ്തിട്ടുള്ള ഏറ്റവും ഒടുവിലത്തെ കണക്കുകൾ. അതനുസരിച്ച് പ്രസ്തുത വർഷം 24.12 കോടി രൂപ വൈദ്യുതി ബോർഡിന് ലാഭം ഉണ്ടായിട്ടുണ്ട്. ഇത് ഇലക്ട്രിസിറ്റി (സപ്ലൈ) ആക്ട് 1948-ൽ പറഞ്ഞിരിക്കുന്ന 3 ശതമാനം റേറ്റ് ഓഫ് റിട്ടേണിനെക്കാൾ 0.67 ശതമാനം കൂടുതലാണ്.

കെ. എസ്. ഐ. ഡി. സി.-യുമായി സഹകരിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ നടപടി

51 [2002] പ്രൊഫ. ടി. ശിവദാസമേനോൻ:
,, ഒ. ഭരതൻ:
,, എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ആരംഭിക്കുന്ന ചെറുകിട താപവൈദ്യുതി നിലയങ്ങൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സംസ്ഥാന വൈദ്യുതി ബോർഡും വ്യവസായ വികസന കോർപ്പറേഷനും തമ്മിൽ ധാരണ ഉണ്ടാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) വ്യവസായ വികസന കോർപ്പറേഷൻ തയ്യാറാക്കിയിട്ടുള്ള കരാർ സംബന്ധിച്ച് വൈദ്യുതി ബോർഡിന്റെ നിലപാട് വ്യക്തമാക്കുമോ;

(ഇ) വ്യവസായ വികസന കോർപ്പറേഷൻ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി, സി) വൈദ്യുതി പ്രസരണത്തിനാവശ്യമായ സൗകര്യങ്ങൾ കഴിയുന്നത്ര ലഭ്യമാക്കത്തക്കവിധത്തിൽ താപനിലയങ്ങളുടെ സ്ഥല നിർണ്ണയം നടത്തുന്നതിനെക്കുറിച്ചും, യന്ത്രങ്ങളുടെ അനുയോജ്യതയെപ്പറ്റിയും കരാറിന്റെ സാമ്പത്തിക വശങ്ങളെക്കുറിച്ചും ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുന്നു.

(ഡി) വ്യവസായ വികസന കോർപ്പറേഷൻ തയ്യാറാക്കിയിട്ടുള്ള കരാർ വൈദ്യുതി ബോർഡിന്റെ ചെയർമാൻകൂടി ഉൾപ്പെട്ട കമ്മിറ്റി പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly